**സ്വാമി ശരണം**

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം – 695 003.

**ശബരിമല ദേവസ്വത്തിലെ 1201–ാമാണ്ടത്തെ (2025 – 2026) അടിയന്തിരങ്ങളോടനുബന്ധിച്ച് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള ടെന്റർ സംബന്ധിച്ച പൊതു നിബന്ധനകൾ / സ്പെഷ്യൽ നിബന്ധനകൾ :**

ശബരിമല ദേവസ്വത്തിലെ 1201–ാമാണ്ടത്തെ (2025 – 2026) മണ്ഡലം – മകരവിളക്ക്, മേടവിഷു, മറ്റ് അടിയന്തിരങ്ങളോടുനബന്ധിച്ച് വിശദപരസ്യത്തിൽ പറയുന്ന ഐറ്റങ്ങൾക്ക് ടെന്റർ ക്ഷണിച്ച് ആൾ ഏർപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച് ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസ്, ദേവസ്വം കമ്മീഷണർ ഓഫീസ് എന്നിവിടങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിശദപരസ്യത്തിലെ വ്യവസ്ഥകൾക്കും ചുവടെ ചേർത്തിട്ടുള്ളപൊതു നിബന്ധനകൾക്കും, സ്പെഷ്യൽ നിബന്ധനകൾക്കും വിധേയമായാണ് ടെന്ററുകൾ സമർപ്പിക്കേണ്ടത്.

## പൊതു നിബന്ധനകൾ

1. ടെന്റർ നിബന്ധനകൾക്കൊപ്പം ടെന്റർ ചെയ്യുന്ന ഇനങ്ങളുടെ വിശദ വിവരം കാണിക്കുന്ന ഷെഡ്യൂൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ www.travancoredevaswomboard.org എന്ന വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ചശേഷം ടെന്ററിൽ പങ്കെടുക്കുന്നവർ https:/etenderes.kerala.gov.in എന്ന ടെന്റർ സൈറ്റ് മുഖാന്തിരം രജിസ്റ്റർ ചെയ്യേണ്ടതാണ്. തുടർന്ന് ബന്ധപ്പെട്ട ഇ–ടോക്കൺ ഉപയോഗിച്ച് ഡിബിറ്റൽ സിഗ്നേച്ചർ നടത്തേണ്ടതുമാണ്. ഇ–ടോക്കണുകൾ SIFY/TCS/ncode തുടങ്ങിയ കേന്ദ്രങ്ങളിൽനിന്നും ലഭ്യമാക്കേണ്ടതാണ്. ടെന്ററുകൾ ശ്രദ്ധാപൂർവ്വം ക്വോട്ട് ചെയ്യണ്ടതുക നിയമാനുസൃതം ക്വോട്ട് ചെയ്ത് ഓൺലൈനായി അയക്കേണ്ടതും, തുക രേഖപ്പെടുത്താത്ത സാഹചര്യം ഉണ്ടായാൽ ആയതിന് ഡിപ്പാർട്ട്മെന്റ് ഉത്തരവാദിആയിരിക്കുന്നതല്ല. ടെന്റർ സമർപ്പിക്കുന്നവരുടെ ഐഡി പ്രൂഫിന്റെ (**ആധാർ, പാൻ കാർഡ് എന്നിവയുടെ** സ്കാൻഡ് കോപ്പി മൊബൈൽ നമ്പർ ഉൾപ്പെടെ ചേർത്തിരിക്കണം) .സാധനങ്ങൾ സപ്ളെ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ടെന്ററിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ/ വ്യക്തികൾ എന്നിവർക്ക് fssai ലൈസൻസ്, ജി.എസ്.ററി രജിസ്ട്രേഷൻ എന്നിവ ഉണ്ടായിരിക്കേതാണ്.ആയതിന്റെ പകർപ്പ് ടെന്ററിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. മുൻ കുടിശ്ശികക്കാരും ബ്ലാക്ക് ലിസ്റ്റ് ചെയ്തവരും യാതൊരു കാരണവശാലും ടെന്ററിലോ ലേലത്തിലോ പങ്കെടുക്കേതില്ല.

2 ടെന്ററിൽ പങ്കെടുക്കുന്നവർ 500/– രൂപ (അഞ്ഞൂറ്) രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടയ്ക്കേണ്ടതാണ് ടി. തുക തിരികെ ലഭിക്കുന്നതല്ല. ഓരോ ഐറ്റത്തിനും നേരെ അതത് ഐറ്റത്തിന് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ടി. തുക കാലാവധിക്കുശേഷം മറ്റാക്ഷേപം / ബാധ്യത ഇല്ലെങ്കിൽ മാത്രം തിരിച്ചുനൽകുകയുള്ളു. നിരതദ്രവ്യം കുത്തക ഏറ്റെടുക്കാനുദ്ദേശിക്കുന്ന ആളിന്റെ അക്കൗണ്ടിൽ നിന്നും ഓൺലൈനായി

സമർപ്പിക്കേണ്ടതാണ്. ഓരോ ഇനത്തിന്റെയും ടെന്ററുകൾ പരിശോധിച്ച് ആരുടെയെങ്കിലും പേരിൽ ടെന്റർ സ്ഥിരപ്പെടുത്തുന്ന പക്ഷം മറ്റുള്ളവരുടെ നിരതദ്രവ്യ ഓൺലൈനായിതന്നെ അവരുടെ അക്കൗണ്ടിൽ തിരികെ ലഭിക്കുന്നതാണ്.

3. **ടെന്റർ സമർപ്പിക്കേണ്ട അവസാന തീയതി 14/07/2025 ,പകൽ11മണി** ടെന്ററുകൾ **15/07/2025 തീയതി പകൽ 11മണി മുതൽ** അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തിരുവനന്തപുരത്ത് നന്തൻകോട്ടുള്ള ദേവസ്വം കമ്മീഷണർ ഓഫീസിൽവച്ച് പൊട്ടിച്ച് പരിശോധിക്കുന്നതാണ്.
4. നിശ്ചിത നിരതദ്രവ്യം ഹാജരാക്കത്തവരുടെയും, സാമ്പിൾ ഹാജരാക്കേണ്ട ഇനങ്ങൾക്ക്ആയത് ഹാജരാക്കാത്തവരുടെയും ടെന്ററുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
5. ടെന്ററിൽ രേഖപ്പെടുത്തുന്ന നിരക്കുകൾ എല്ലാതരം നികുതികളും ജി.എസ്.ടി.യും ഉൾപ്പെടെയുള്ളതായിരിക്കണം. ടി തുക ലേലസമയത്തുതന്നെ മൊത്തമായി ഒടുക്കുവരുത്തേണ്ടതാണ്.
6. പമ്പയിൽ ആവശ്യമുള്ള സാധനങ്ങൾ പമ്പയിലും മറ്റ് സാധനങ്ങൾ ശബരിമല ദേവസ്വം മെയിൻ സ്റ്റോറിലും സപ്ലെ ചെയ്യേണ്ടതാണ്.
7. ടെന്റർ നിരക്കുകൾ അടിയന്തിരങ്ങളുടെ കാലയളവ് മുഴുവൻ ബാധകമായിരിക്കുന്നതാണ്.
8. ഏതെങ്കിലും ഐറ്റം പരസ്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ കൂടുതൽ അളവ് ആവശ്യമെന്ന് കണ്ടാൽ ആയത് അറിയിക്കുന്നതനുസരിച്ച് ടെന്റർ നിരക്കിൽ സപ്ലെ ചെയ്യാൻ ടെന്ററുകാരൻ ബാദ്ധ്യസ്ഥനാണ്.
9. സപ്ലെ ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ടെന്ററിനോടൊപ്പം ഹാജരാക്കിയിട്ടുള്ള സാമ്പിളിന് തുല്യമോ, അതിലുപരിയോ ആയിരിക്കേണ്ടതാണ്.
10. ടെന്റർ അംഗീകരിച്ചതുസംബന്ധിച്ച് അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസറുമായി ഉടമ്പടി വയ്ക്കേണ്ടതാണ്. ബാങ്ക് ഗ്യാരന്റിയുടെ കാലാവധി കുത്തക കാലയളവ് പൂർത്തിയാക്കുന്ന ഒരു വർഷം വരെ ആയിരിക്കണം. അറിയിപ്പുകിട്ടി 7 ദിവസത്തിനകം ഉടമ്പടി വയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം നിരതദ്രവ്യം മുതൽകൂട്ടി തൊട്ടടുത്ത റേറ്റ് ക്വാട്ട് ചെയ്തിട്ടുള്ള ടെന്ററുകാരനെ ക്ഷണിക്കുന്നതിനോ, മറ്റ് ഏർപ്പാടുകൾ ചെയ്യുന്നതിനോ ദേവസ്വം ബോർഡിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും അതിൽവച്ച് ഉണ്ടാകുന്ന എല്ലാകഷ്ടനഷ്ങ്ങൾക്കുംവീഴ്ചവരുത്തിയ ടെന്ററുകാരൻ മാത്രംപരിപൂർണ്ണ ഉത്തരവാദിയായിരിക്കുന്നതുമാണ്.
11. സപ്ലെ ചെയ്യുന്ന സാധനങ്ങളുടെ ആകെവിലയുടെ 10% വരുന്നതുകയോ സ്പെഷ്യൽ നിബന്ധനകളിലെ പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്ന സെക്യൂരിറ്റി തുകയോ എന്നിവയിൽ ഏതാണോ കൂടുതൽ ആയത് ക്യാഷ് ആയോ ബാങ്ക് ഗ്യാരണ്ടിയോ ആയി കുത്തകയുടെ സുഗമമായ നടത്തിപ്പിന് വേണ്ടി ടെന്ററുകാരൻ സെക്യൂരിറ്റിയായി ഹാജരാക്കേണ്ടതാണ്..

12. നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ പരസ്യത്തിൽ ആവശ്യപ്പെട്ടിട്ടുള്ള സാധനങ്ങൾ സപ്ലൈ ചെയ്യാത്തവരുടെ കുത്തക യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതും, അടിയന്തിരത്തിന്റെ സുഗമമായ നടത്തിപ്പിന് വേണ്ടി മറ്റുവിധത്തിൽ നടപടി സ്വീകരിക്കുന്നതും, തൻമൂലം ബോർഡിനുണ്ടാകുന്ന എല്ലാവിധ കഷ്ടനഷ്ടങ്ങൾക്കും കുത്തകക്കാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതുമാണ്.

13. ടെന്റർ സ്വീകരിക്കുന്നതിനും, യാതൊരു കാരണവും പറയാതെ നിരസിക്കുന്നതിനും ദേവസ്വം ബോർഡിന് പരിപൂർണ്ണ അധികാര അവകാശമുണ്ടായിരിക്കുന്നതാണ്.

14. കുത്തകക്കാർക്ക് / ടെന്ററുകാർക്ക് ദേവസ്വം ബോർഡിന്റെ രേഖാമൂലമായ അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറുന്നതിനോ കീഴ്കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതാകുന്നു.

15. കുത്തക / ടെന്റർ എടുക്കുന്ന ആൾക്ക് പ്രസ്തുത തൊഴിലിൽ മുൻപരിചയം ഉണ്ടായിരിക്കേണ്ടതാണ്.

16. കുത്തക / ടെന്റർ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ പത്തനംതിട്ട കോടതിയുടെ അധികാര പരിധിക്കുള്ളിലായിരിക്കും.

17. പ്രസ്തുത കുത്തകകളുടെ സുഗമമായ നടത്തിപ്പിന് സെക്യൂരിറ്റിയായി ഹാജരാക്കുന്ന തുക, കുത്തക പൂർണ്ണമായും തൃപ്തികരമായി നിറവേറ്റി ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നമുറയ്ക്ക് പലിശ കൂടാതെ തിരികെ നൽകുന്നതും, ഏതെങ്കിലും തരത്തിൽ കരാറുകാരന്റെ വീഴചയിൽ ഡിപ്പാർട്ടുമെന്റിനു സാമ്പത്തിക നഷ്ടം സംഭവിച്ചാൽ നിരതദ്രവ്യവും, സെക്യൂരിറ്റി തുകയും ഡിപ്പാർട്ടുമെന്റിലേക്ക് മുതൽ കൂട്ടുന്നതുമാണ്. പ്രസ്തുത തുക അപര്യാപ്തമാകുന്നപക്ഷം ബാക്കി തുക കരാറുകാരനുള്ള പേമെന്റിൽനിന്നും ഈടാക്കുന്നതായിക്കും.അപ്രകാരം കഴിയാതെ വന്നാൽ സിവിലായോ, ക്രിമിനലായോ കേസ് ഫയൽ ചെയ്തോ മറ്റു നടപടി ക്രമത്തിലൂടെയോ കരാറുകരനിൽ നിന്നും നിയമാനുസരണം നഷ്ടം ഈടാക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

18. ടെന്ററുകാരന് പ്രാപ്തിയില്ലായെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം പ്രസ്തുത ടെന്റർ നിരസിക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

## സ്പെഷ്യൽ നിബന്ധനകൾ

### I. സാധനങ്ങളുടെ സപ്ലൈ കുത്തക

വഴിപാടുകൾ നടത്തുന്നതിലേക്ക് ആവശ്യമായ സാധനങ്ങളുടെ അളവും, തൂക്കവും, എണ്ണവും ചുവടെ ചേർത്തിട്ടുണ്ട്. അതിൽ പറയുന്ന ഏതെങ്കിലും ഐറ്റങ്ങൾ സപ്ലൈ ചെയ്യിക്കാതിരിക്കാനോ, അളവ് / എണ്ണം കുറയ്ക്കുന്നതിനും, ആവശ്യമായിവന്നാൽ കൂടുതലായി അവ സപ്ലൈ ചെയ്യണമെന്ന് കോൺട്രാക്ടറോട് നിർദ്ദേശിക്കുന്നതിനും ദേവസ്വം ബോർഡിന് അധികാര അവകാശമുണ്ടായിരിക്കുന്നതും, അതനുസരിച്ച് പ്രവർത്തിക്കുന്നതിന് കോൺട്രാക്ടർ / ടെന്റർകാരൻ ബാദ്ധ്യസ്ഥനുമാണ്. ISO സർട്ടിഫിക്കറ്റ് ഉള്ള കമ്പനികളുടെയും FSSAI ലൈസൻസ് ലഭിച്ചിട്ടുള്ളതുമായ സാധനങ്ങൾ സപ്ലൈ ചെയ്യേണ്ടതുംസപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം

ടെന്ററിനോടൊപ്പം ഹാജരാക്കിയിട്ടുള്ള സാമ്പിളിന് തത്തുല്യമോ അതിലുപരിയോ ആയിരിക്കേണ്ടതാണ്. അപ്രകാരമല്ലാത്ത സാധനങ്ങൾ കോൺട്രാക്ടർ / ടെന്ററുകാരൻ ഹാജരാക്കുകയും, ഒഴിച്ചുകൂടാൻ പറ്റാത്ത പരിതഃസ്ഥിതിയിൽ അവ സ്വീകരിക്കേണ്ടതായി വരികയും ചെയ്താൽ അപ്രകാരം ഹാജരാക്കുന്ന സാധനങ്ങൾക്ക് ദേവസ്വം ബോർഡ് നിശ്ചയിക്കുന്ന റേറ്റനുസരിച്ചുള്ള വില സ്വീകരിക്കുവാൻ കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും, അതിന്മേൽ ടിയാന് പരാതിപ്പെടാൻ അർഹതയില്ലാത്തതുമാണ്. കുത്തക മുടക്കം വരുത്തിയാൽ വേറെ ആൾ ഏർപ്പെടുത്തിയോ, കൈവിലയ്ക്ക്സാധനങ്ങൾവാങ്ങി സംഭരിക്കുന്നതിനും, അതിൽവച്ച് ദേവസ്വം ബോർഡിന് നഷ്ടംഉണ്ടായാൽ, നഷ്ടം കുത്തക / ടെന്ററുകാരിൽനിന്നും ഈടാക്കുന്നതും ലാഭമുണ്ടായാൽ അതിനവകാശമില്ലാത്തതുമാകുന്നു.

## 3. പേപ്പർ പ്ലേറ്റ്*(സാമ്പിൾ ഹാജരാക്കേണ്ടതാണ്.)*

400 gsm അലുമിനിയം ഫോയിൽഡ് പേപ്പർ പ്ളേറ്റ് 7” x 8” size or 8” round size. ടെന്ററിനോടൊപ്പം പേപ്പർ പ്ളേറ്റുകളുടെ സാമ്പിൾകൂടി ഹാജരാക്കേണ്ടതാണ്.

## 5. കുങ്കുമം *(സാമ്പിൾ ഹാജരാക്കേണ്ടതാണ്.)*

ഹെർബെൽ കുങ്കുമം ആയിരിക്കണം

## 7. നാളികേരം

ശബരിമല 1201 എം.ഇ യിലെ മഹോത്സവവുമായി ബന്ധപ്പെട്ട് അരവണ പ്രസാദ നിർമ്മാണത്തിന് ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശാനുസരണം നാളീകേരങ്ങൾ സപ്ലൈ ചെയ്യേണ്ടതാണ്. നാളീകേരംഒന്നിന്400 ഗ്രാമിൽ കുറയാത്ത തൂക്കം ഉണ്ടായിരിക്കേണ്ടതും വിളഞ്ഞ് പാകമായതും ആയിരിക്കണം. നാളീകേരം ഒന്നിന് എന്ന ക്രമത്തിൽ ക്വട്ടേഷനിൽ തുക രേഖപ്പെടുത്തേണ്ടതാണ്.

## 9. തെർമ്മൽ പേപ്പർ റോൾ (ഒരു റോൾ സാമ്പിൾ ഹാജരാക്കേണ്ടതാണ്)

ശബരിമല 1201 എം.ഇ യിലെ മഹോത്സവവുമായി ബന്ധപ്പെട്ട് ക്ഷേത്രനട തുറക്കുന്ന ദിവസങ്ങളിൽ ശബരിമലയിലേയ്ക്ക് ആവശ്യമായ തെർമ്മൽ പേപ്പർ റോൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശാനുസരണം സപ്ലൈ ചെയ്യേണ്ടതാണ്. ടെൻഡറിൽ റോൾ ഒന്നിന് എന്ന ക്രമത്തിലാണ് തുക രേഖപ്പെടുത്തേണ്ടത്.

## MATERIAL SPECIFICATIONS

| | |
|---|---|
| Item | Thermal Paper Rolls |
| Width | 79 mm |
| Length | 50 Meters |
| Paper GSM | 57 to 60 GSM |
| Colour | White Grade POS |

a) Thermal Paper Rolls: The Thermal Paper Roll should be with inner diameter 79 mm for using ticket printing in Epson Ticket Printing Machine.

b) The Thermal Roll paper printing tickets in Epson Ticket Printer should be suitable for the roll paper printed with the logo of Travncore Devaswom Board in between part of original and duplicates part with the paper. The inscription there on which shall be us per the directions given by the Travancore Devaswom Board.

c) Each ticket should be printed with the serial number in duplicate and the space allotted for computer generated numbers.

10. ബിസ്ക്കറ്റ് (സാമ്പിൾ ഹാജരാക്കേണ്ടതാണ്)

**Nutritional Information per 100 gm**

- Energy (Kcal) - Not Below 456.
- Protein - Not Below 7.20
- Carbohydrate - Not Below 76.20
- Sugar - Not Below 28.10
- Fat(g) - Not Below 13.60
- Trans Fat (g) - Not More than 0.10
- Saturated Fat(g) - Not More than 6.70
- High quality wheat should be used for making

Ingredients maintaining as below:-

Wheat flour 61 %, Sugar refinied oil, inverts syrup, raising agents (INS 503(ii). INS 500(ii), INS 450(i), Edible common salt, Liquied gloucose (0.48 %), Milk solids 0.10 %, Emulsifier (INS 322(i) and flour treatment agent (INS 223), Weight of one biscult must be minimum 4 gm.

**ടെൻഡറിൽ 100 ഗ്രാംവീതമുള്ളപായ്ക്കറ്റ് എണ്ണം ഒന്നിന് എന്ന ക്രമത്തിൽ വേണം തുക ക്വാട്ട് ചെയ്യേണ്ടത്. പ്ലാസ്റ്റിക് കവറുകൾ പൂർണ്ണമായും ഒഴിവാക്കി പകരം ബട്ടർ പേപ്പർ ബാഗ് പോലുള്ള എക്കോ ഫ്രണ്ട്‌ലി ബാഗുകളിൽ സപ്ലെ ചെയ്യേണ്ടതാണ്.**

.

**11. ചണച്ചാക്ക് (സാമ്പിൾ ഹാജരാക്കേണ്ടതാണ്)**

ശബരിമല ദേവസ്വത്തിൽ അയ്യപ്പഭക്തർ നിക്ഷേപിക്കുന്ന വഴിപാട് മിച്ചം അരി ശേഖരിക്കുന്നതിനും, മറ്റ് വിവിധ ഉപയോഗത്തിലേക്കുമായി 50 കിലോഗ്രാം അരി ശേഖരിക്കാൻ കഴിയുന്ന തരത്തിലുള്ള ചണച്ചാക്ക്. ടെൻഡറിൽ എണ്ണം ഒന്നിന് എന്ന് ക്രമത്തിൽ വേണം തുക ക്വാട്ട് ചെയ്യേണ്ടത്. (അരി പുറത്ത് കളയാത്ത വിധം കണ്ണറയുള്ളത്)

**12. അയ്യപ്പ ചക്രം (സാമ്പിൾ ഹാജരാക്കേണ്ടതാണ്)**

നല്ല ചെമ്പ് തകിടിൽ നിർമ്മിച്ചതും പറുത്ത് വെള്ളിപൂശിയതും അയ്യപ്പചക്രത്തിന്റെ മന്ത്രങ്ങൾ എമിഗ്രേവ് ചെയ്തും 25 ഗ്രാം തൂക്കത്തോടുകൂടിയതും (ഓരോ അയ്യപ്പചക്രവും പ്രത്യേകം പ്രത്യേകം കവറിൽ പൊതിഞ്ഞ് അയ്യപ്പന്റെ ചിത്രം ആലേഖനം ചെയ്ത് 'ശബരിമല ദേവസ്വം' എന്നെഴുതി പേപ്പർ പൗച്ചിൽ സപ്ലൈ ചെയ്യേണ്ടതാണ്). 4" X 4" സമചതുരത്തോടുകൂടിയതായിരിക്കണം. അയ്യപ്പചക്രങ്ങൾ ശബരിമലയിൽ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ ആവശ്യാനുസരണം സപ്ലൈ ചെയ്യേണ്ടതാണ്. നിലവിൽ വിതരണം ചെയ്യുന്ന അയ്യപ്പചക്രം ശബരിമല എക്സിക്യൂട്ടീവ് ഓഫീസിൽ നിന്നും പരിശോധിച്ച് ബോധ്യപ്പെടാവുന്നതാണ്. ടെന്ററിനോടൊപ്പം സാമ്പിൾ കൂടി ഹാജരാക്കേണ്ടതാണ്. ടെന്റഡറിൽ എണ്ണം ഒന്നിന് എന്ന ക്രമത്തിൽ വേണം തുക ക്വാട്ട് ചെയ്യേണ്ടത്.

**13. പ്ലാസ്റ്റിക് കുട്ട *(സാമ്പിൾ ഹാജരാക്കേണ്ടതാണ്)***

അരിപ്പയായി ഉപയോഗിക്കുവാൻ കഴിയുന്നതും, 18 കി.ഗ്രാ.മിൽ കുറയാതെ ഇമി കൊള്ളുന്നതും 3 കി.ഗ്രാം. തൂക്കത്തിൽ കുറയാത്ത അളവിലുള്ള കുട്ടകളുമാണ് സപ്ലെ ചെയ്യേണ്ടത്. എണ്ണം ഒന്നിന് എന്ന ക്രമം തുക ക്വാട്ട ചെയ്യേണ്ടതാണ്.

**14 ക്യാരി ബാഗ്*(സാമ്പിൾ ഹാജരാക്കേണ്ടതാണ്.)***

18 ഇഞ്ച് നീളം x 12 ഇഞ്ച് വീതി ഉണ്ടായിരിക്കണം
തുണികൊണ്ട് നിർമ്മിച്ചവ ആയിരിക്കണം

**ഇ-ടെന്റഡർ വഴിപാട്,വഴിപാട് സാധനങ്ങളുടെ സപ്ലൈ, വഴിപാട് നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമായ ഇനം, ആവശ്യമായ അളവ് എന്നിവ സംബന്ധിച്ച സ്റ്റേറ്റ്മെന്റ്**

## ശബരിമല, പമ്പ ദേവസ്വങ്ങളിലെ വഴിപാട് പ്രസാദ നിർമ്മാണ വിതരണത്തി നാവശ്യമായ സാധനങ്ങളുടെ സപ്ലൈ

| ക്രമനമ്പർ | ഇനം | ആവശ്യമായ അളവ് | നിരതദ്രവ്യം | സെക്യൂരിറ്റി | റിമാർക്സ് |
|---|---|---|---|---|---|
| | | | | | |
| | | | | | |
| 3 | പേപ്പർപ്ലേറ്റ് | 8,00,000 എണ്ണം | 25,000/- | 25,000/- | |
| | | | | | |
| 5 | കുങ്കുമം | 600 കി.ഗ്രാം. | 5000/- | 5000/- | ഹെർബൽ കുങ്കുമം ആയിരിക്കണം |
| | | | | | |
| 7 | നാളികേരം | 50,000 എണ്ണം | 5,000/- | 5,000/- | |
| | | | | | |
| 9 | തെർമ്മൽ പേപ്പർ റോൾ | 15,000 എണ്ണം | 10 ,000/- | 20 ,000/- | |
| 10 | ബിസ്ക്കറ്റ് | 1,20,00,000 എണ്ണം | 25,000/- | 25,000/- | |
| 11 | ചണച്ചാക്ക് | 75,000 എണ്ണം | 5,000/- | 5,000/- | |
| 12 | അയ്യപ്പചക്രം | 10,000 എണ്ണം | 5,000/- | 5,000/- | |
| 13 | പ്ലാസ്റ്റിക് കുട്ട | 200 എണ്ണം | 5,000/- | 5,000/- | |
| 14 | ക്യാരി ബാഗ് | 30,000 എണ്ണം | 5,000/- | 5,000/- | 18inch നീളംx12inch വീതി തുണികൊണ്ട് നിർമ്മിച്ചവ ആയിരിക്കണം |

| | |
|---|---|
| ടെന്റർ സമർപ്പിക്കേണ്ട അവസാന തീയതി | **14**/07/2025 , പകൽ 11 മണി |
| ടെന്റർ തുറന്ന് പരിശോധിക്കുന്ന തീയതി | **15**/07/2025, പകൽ 11 മണി മുതൽ |

(ഒപ്പ് )

ROC 41/25/SAB
30/06/2025

ദേവസ്വം കമ്മീഷണർ
തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി